പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2408 **27-10-2026-ൽ മറുപടിയ്ക്ക്**

വൈദ്യുതി പ്രതിസന്ധി പരിഹരിയ്ക്കാൻ എൻ.റ്റി.പി.സി.യുമായി ചേർന്ന് പുതിയ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) വൈദ്യുതി പ്രതിസന്ധി പരിഹരിക്കുവാൻ നാഷണൽ തെർമൽ പവർ കോർപ്പറേഷനുമായി (എൻ.റ്റി.പി.സി.) ചേർന്ന് പുതിയ പദ്ധതികൾക്ക് രൂപം നല്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

മറുപടി: കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനും ഭാവിയിലെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനുമായി നാഷണൽ തെർമൽ പവർ കോർപ്പറേഷൻ (NTPC) യുമായി ചർച്ചകൾ നടന്നുവരുകയാണ് . ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എൻ.റ്റി.പി.സി ചെയർമാനും മറ്റ് ഉന്നത ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കായംകുളം താപവൈദ്യുത നിലയം സ്ഥിതി ചെയ്യുന്നിടത്ത്, ലഭ്യമായ സ്ഥലം ഉപയോഗപ്പെടുത്തി 2000 MWh ശേഷിയുള്ള ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) പദ്ധതി നടപ്പാക്കുന്നതിനായി KSEBL, NTPC, NTPC Green Energy Limited (NGEL) എന്നിവർ തമ്മിൽ ധാരണാപത്രം ഏർപ്പെടുന്നതിനുള്ള നടപടികൾ പരിഗണിച്ചു വരുന്നു.

കൂടാതെ, മഹാരാഷ്ട്രയിലെ സിന്നാർ നിലയത്തിൽ നിന്നും യൂണിറ്റിന് ഏകദേശം 5.18 രൂപ നിരക്കിൽ 540 MW വരെ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളും നടന്നുവരുകയാണ്.

(ബി) എൻ.റ്റി.പി.സി. അധികൃതരുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ചർച്ചയിൽ ഇത് കൂടാതെ എന്തൊക്കെ കാര്യങ്ങളിൽ ധാരണയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

മറുപടി: കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനും ഭാവിയിലെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനുമായി നാഷണൽ തെർമൽ പവർ കോർപ്പറേഷൻ (NTPC) യുമായി ചർച്ചകൾ നടന്നുവരുകയാണ് . ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എൻ.റ്റി.പി.സി ചെയർമാനും മറ്റ് ഉന്നത ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കായംകുളം താപവൈദ്യുത നിലയം സ്ഥിതി ചെയ്യുന്നിടത്ത്, ലഭ്യമായ സ്ഥലം ഉപയോഗപ്പെടുത്തി 2000 MWh ശേഷിയുള്ള ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) പദ്ധതി നടപ്പാക്കുന്നതിനായി KSEBL, NTPC, NTPC Green Energy Limited (NGEL) എന്നിവർ തമ്മിൽ ധാരണാപത്രം ഏർപ്പെടുന്നതിനുള്ള നടപടികൾ പരിഗണിച്ചു വരുന്നു.

കൂടാതെ, മഹാരാഷ്ട്രയിലെ സിന്നാർ നിലയത്തിൽ നിന്നും യൂണിറ്റിന് ഏകദേശം 5.18 രൂപ നിരക്കിൽ 540 MW വരെ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളും നടന്നുവരുകയാണ്.

(സി) കുറഞ്ഞ നിരക്കിന് ദീർഘകാലത്തേക്ക് വൈദ്യുതി ലഭ്യമാക്കാനും പുതിയ പദ്ധതികൾ ആരംഭിക്കാനും തീരുമാനമുണ്ടോ; വിശദമാക്കുമോ?

<u>മറുപടി:</u> കുറഞ്ഞ നിരക്കിന് ദീർഘകാലത്തേക്ക് വൈദ്യുതി ലഭ്യമാകുക എന്ന ലക്ഷ്യത്തോടെ വിവിധ ജല വൈദ്യുത പദ്ധതികൾ നടപ്പിലാക്കി വരുന്നു.

i) 127.50 MW സ്ഥാപിതശേഷിയുള്ള ശേഷിയുള്ള 8 ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്ന് വരുന്നു.

ii) പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ: വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് പ്രകൃതിദത്ത ബാറ്ററി സ്റ്റോറേജുകൾ എന്ന നിലയിൽ ആണ് പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ കെ.സ്.ഇ.ബി.എൽ ആവിഷ്കരിച്ചിരിക്കുന്നത്.

കെ.എസ്.ഇ.ബി.എൽ 2200 MWന്റെ 4 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾക്ക് മുൻഗണന നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ എല്ലാം തന്നെ കെ.എസ്.ഇ.ബി.എൽ-ന്റെ നിലവിൽ ഉള്ള അണക്കെട്ടുകളുമായി ബന്ധപ്പെട്ടവയാണ്. പദ്ധതികളുടെ പര്യവേഷണവും വിശദമായ പദ്ധതി നിർവ്വഹണ റിപ്പോർട്ടും തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

ഇതുകൂടാതെ നിലവിൽ 3000 MWന്റെ 3 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ സാധ്യതാ പഠനം നടന്നുകൊണ്ടിരിക്കുന്നു.

iii) 88 MW ന്റെ വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ നിർമ്മാണ പ്രവർത്തനത്തിന്റെ മുന്നോടിയായിട്ടുള്ള വിവിധ ഘട്ടങ്ങളിൽ ആണ്.

iv) വൻകിട ജല വൈദ്യുത പദ്ധതികളായ ഇടുക്കി ഗോൾഡൻ ജൂബിലി പദ്ധതി (740 MW), ശബരിഗിരി എക്സ്റ്റൻഷൻ പദ്ധതി (450 MW), ലക്ഷ്മി ജലവൈദ്യുത പദ്ധതി (240 MW) എന്നിവയുടെ PFR / DPR (പ്രീ ഫീസിബിലിറ്റി പഠന റിപ്പോർട്ട് / ഡീറ്റയിൽഡ് പ്രൊജക്ട് റിപ്പോർട്ട്) തയ്യാറാക്കുന്ന ജോലികൾ നടന്നുവരികയാണ്. ഇതുകൂടാതെ ഇടമലയാർ കപ്പാസിറ്റി അഡിഷൻ (80 MW), മാങ്കുളം – രണ്ടാംഘട്ടം (40 MW) ഒറ്റക്കൽ (4 MW)എന്നീ ജലവൈദ്യുത പദ്ധതികൾക്കായുള്ള ഇൻവെസ്റ്റിഗേഷൻ ജോലികൾ നടന്നു വരുന്നു. പാംബ്ല (10 MW), ലോവർ പൂഴിത്തോട് (5.10 MW) എന്നീ ജലവൈദ്യുത പദ്ധതികളുടെ നിർദിഷ്ട ഡി.പി.ആർ-ൽ ഭേദഗതികൾ വരുത്തുന്നതിലേയ്ക്കായുള്ള ജോലികൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ